LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കേരളത്തിലെ പഞ്ചായത്തുകളിൽ 90 ശതമാനവും സാമ്പത്തികമായി വളരെയധികം പിന്നണിയിലാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ആ സ്ഥിതിക്ക് ഇന്നു നിലവിലുള്ള സ്ഥിതിയിൽനിന്നു വിഭിന്നമായി കുറച്ചുകൂടി വർദ്ധിപ്പിക്കുകയാണെങ്കിൽ അതു ദുരൂഹമായിരിക്കുമെന്നു മനസ്സിലാക്കി പിന്നണിയിൽ നിൽക്കുന്ന പഞ്ചായത്തുകൾക്ക് എന്തെങ്കിലും ഗ്രാന്റോ ധനസഹായമോ നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിനെപ്പറ്റി ദയാപൂർവ്വമായി പരിഗണിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇലക്ട്രിസിറ്റി ബോർഡിന്റെ മന്ത്രിയുടെ ദയവിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കേണ്ട ഒരു കാര്യമല്ല ഇത്. ഇലക്ട്രിസിറ്റി ബോർഡ് ഏതാണ്ട് ഒന്നര കോടി രൂപയോളം മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ലൈറ്റ് പഴയ നിരക്കിൽ കൊടുക്കുന്നതിന്റെ ഫലമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ആ നഷ്ടം എങ്ങനെ നികത്താം, ആരു സഹിക്കും എന്നീ കാര്യങ്ങളെപ്പറ്റി ആലോചിച്ച് കഴിവുള്ളിടത്തോളം അനുഭാവപൂർവ്വമായ ഒരു നിലപാടായിരിക്കും ഗവൺമെന്റ് എടുക്കുന്നതെന്നാണ് എന്റെ വിശ്വാസം. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിന്റെ നഷ്ടം അതു നഷ്ടമായി തുടരാൻ പറ്റുമോ? അതുകൊണ്ട് എവിടെനിന്നെങ്കിലും, എങ്ങനെയെങ്കിലും, റവന്യൂവിൽ നിന്നെങ്കിലും ഇതിനു ഒരു പരിഹാരം ഉണ്ടാകുകയും വേണം.

ഏലാ പദ്ധതികൾ

* 36. [64] ശ്രീ. പി. ഐ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി-തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര ഏലാ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം;

(ബി) കൂടുതലായി ഏലാ പദ്ധതികൾ അനുവദിക്കാൻ ഉദ്ദേശമുണ്ടോ; എവിടെയെല്ലാം;

(സി) കൂടുതലായി ഏലാ പദ്ധതികൾ അനുവദിക്കുമ്പോൾ ഇതുവരെ ഒരെണ്ണംപോലും അനുവദിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകുമോ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഈ വർഷം 82 പുതിയ ഏലാ വികസന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉദ്ദേശമുണ്ട്. എവിടെയെല്ലാം ആണെന്നു തീരുമാനമായിട്ടില്ല.

(സി) പഞ്ചായത്തടിസ്ഥാനത്തിലല്ല ഏലാ പദ്ധതികൾ അനുവദിക്കുന്നത്.

ശ്രീ. പി. ഐ. പൗലോസ്: എറണാകുളം ജില്ലയിൽ പറവൂർ ബ്ലോക്കിൽ ഏലാ പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സാധാരണ പ്രാദേശികമായി ഉദ്യോഗസ്ഥൻമാർ ഏലാ പദ്ധതി നടപ്പിലാക്കാൻ കൊള്ളാവുന്ന സ്ഥലങ്ങൾ തിരഞ്ഞെടുത്ത് റിപ്പോർട്ട് ചെയ്യുകയാണ് പതിവ്. കാരണം എല്ലാ സ്ഥലത്തും ഇതു നടപ്പിലാക്കാൻ സാദ്ധ്യമല്ല. ഈ പദ്ധതികൊണ്ടുദ്ദേശി

† Appendix I

ചിട്ടുള്ളത് അഡീഷണലായി എന്തെങ്കിലും മൈനർ ഇറിഗേഷൻ വർക്കുകളോ അതുപോലുള്ള പണികളോ ചെയ്തു കൂടുതൽ ഭൂമി കൃഷി ചെയ്യാനും അത്യുൽപ്പാദനശേഷിയുള്ള വിത്തുപയോഗിച്ച് കൃഷി ചെയ്തു കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാനുമുള്ള ഇൻഫ്രാ സ്ട്രക്ച്ചർ ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. മൈനർ ഇറിഗേഷൻ വർക്കുകൾ ചെയ്തു ഒരു പൂവിൽക്കൂടുതൽ കൃഷി ചെയ്യാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ഈ പദ്ധതി കൊടുത്തതുകൊണ്ടു പ്രയോജനമില്ല. ഇതൊക്കെ മാനദണ്ഡമായി കണക്കിലെടുത്തുകൊണ്ടാണ് ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് തരുന്നത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സ്ഥലത്തിന്റെ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിഗണിക്കാം.

സ്വന്തമായി വീടില്ലാത്തവർക്ക് വീട് വയ ക്കാൻ സ്ഥലം

* 37 [65] ശ്രീ. റ്റി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്തവർക്ക് വീടുവയ്ക്കാൻ സ്ഥലം നൽകാനുള്ള പരിപാടി എത്രമാത്രം പുരോഗമിച്ചു എന്നു പറയാമോ;

(ബി) സ്വന്തമായി വീടില്ലാത്ത എത്ര പേർ കേരളത്തിലുണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ;

(സി) അവർക്ക് ഭൂമി നൽകാൻ ഇനിയും എത്രകാലം വേണ്ടിവരും എന്നു പറയാൻ കഴിയുമോ;

(ഡി) ഈയിനത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എന്തെങ്കിലും സാമ്പത്തികസഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ) ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏകദേശം 90,000 ത്തോളം പേർക്ക് വീടുവയ്ക്കാനുള്ള സ്ഥലം വാങ്ങിയതിൽ 33,000 പേർക്ക് പ്ലോട്ടുകളായും ബാക്കി 57,000 പ്ലോട്ടുകളിൽ വീടുവച്ചും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇക്കൊല്ലം 6,000-ത്തിൽപ്പരം പേർക്കുകൂടി വീടുവയ്ക്കുന്നതിന് സ്ഥലം നൽകാൻ ഭൂമി വാങ്ങുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഏകദേശം 3.75 ലക്ഷം പേർക്ക് പുറമ്പോക്കുഭൂമിയും വനഭൂമിയും പതിച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഭൂപരിഷ്കരണ നിയമപ്രകാരവും പുറമ്പോക്കു ഭൂമിയും കൃഷിയോഗ്യമായ വനഭൂമിയും പതിച്ചുകിട്ടാൻ സാദ്ധ്യതയില്ലാത്തവർക്കും പുറമെ, 1972-ൽ ഏതാണ്ട് മൂന്നുലക്ഷത്തോളം ഭൂരഹിത ഗ്രാമീണ തൊഴിലാളികൾ കേരളത്തിൽ ഉണ്ടെന്നാണ് കണക്ക്.

(സി) എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമായി പറയുവാൻ പ്രയാസമുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ ലഭ്യമായ പണം ഉപയോഗിച്ച് ഭൂമി നൽകിവരികയാണ് ചെയ്യുന്നത്.

(ഡി, ഇ) ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് ഭൂമി നൽകാനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിന് ഭൂമി വാങ്ങിക്കുന്നതിനുവേണ്ട തുക കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുകയാണ് ചെയ്തത്. ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please *see* answer to starred question No. 36 (64)]

List of Intensive Paddy Development Units

District	*Name of Unit*	*Name of Block/Panchayat in which the unit is located*
(1)	(2)	(3)
Trivandrum	1. Karippoor-Chellamcode	Nedumangad Block
	2 Ottur-Cherunniyur	Varkala ,,
	3. Kunnathukal	Perumkatavila ,,
	4. Mangalapuram	Kazhakkoottam ,,
	5. Kottukal	Athiyannoor ,,
	6. Vattiyoorkavu	Vattiyoorkavu Panchayat
	7. Karakulam	Karakulam ,,
	8. Vithura	Vithura ,,
	9. Kattakkada	Kattakkada ,,
Quilon	10. Pramadom	Konni Block
	11. Attuvassery	Vettikkavala ,,
	12. Pallichal	Sasthamcotta ,,
	13. Pooyappally	Kottarakkara ,,
	14. Mallapuzhassery	Elanthur ,,
	15. Kalanjoor	Parakode ,,
	16. Chavara	Chavara ,,
	17. Meloorkayal-Manickamangalam	Sasthamcotta ,,
	18. Chithara	Chithara ,,
Kottayam	19. Kumarakom (North)	Pallom ,,
	20. Thiruvarppu	Pallom ,,
	21. Vazhappally	Madappally ,,
	22. Kumaranalloor	Ettumannoor ,,
	23. Kappumthala	Kadathurithi ,,
	24. Ramapuram	Ramapuram Panchayat
Idukki	25. Marayoor	Devikulam Block
	26. Chakkupallam	Peermade ,,
	27. Rajakumari	Devicolam ,,
	28. Karikode	Thodupuzha ,,
	29. Kattappana	Arudai ,,
Alleppey	30. Mampazhakari	Veliyanad ,,
	31. Thuravoor	Pattanacadu ,,
	32 Kozhimukku	Champakulam ,,
	33. Noornad	Pandalam ,,
	34. Mankotta	Champakulam ,,
	35. Pallippad	Haripad ,,
Ernakulam	36. Ramamangalam	Pampakuda ,,
	37. Mannathoor	do. ,,

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)	
	38.	Arakuzha	Moovattupuzha	Block
	39.	Kothamangalam	Kothamangalam	,,
	40.	South Vazhakulam	Vazhakulam	Panchayat
	41.	Vangola	Vangola	,,
	42.	Kotanadu	Koovapadi	,,
	43.	Meempara	Muzhakuzha	,,
Trichur	44.	Kolazhi	Ollukkara	Block
	45.	Kadavalloor	Chowannur	,,
	46.	Edathirinji	Vellamgallur	,,
	47.	Porathussery	Irinjalakuda	,,
	48.	Porkulam	Pazhayannur	,,
	49.	Varavoor	Wadakkancherry	,,
	50.	Varantharappilly	Kodakara	,,
	51.	Anthikad	Anthikad	,,
	52.	Edathuruthi	Mathilakom	,,
	53.	Kottappady	Chowghat/ Chowannur	,,
	54.	Vatamappilly	Thalikulam	,,
Palghat	55.	Kottakad	Palghat	,,
	56	Thanur	Alathur	,,
	57.	Peringottukurssi	Coyalmannam	,,
	58.	Shornur	Ottappalam	,,
	59.	Elavancherry	Kollengode	,,
	60.	Ayilur	Nemmara	,,
	61.	Koralmanna	Srikrishnapuram	,,
Malappuram	62.	Edakkara	Wandoor	,,
	63.	Mampad	Manjeri	,,
	64.	Porur	Wandoor	,,
	65.	Arecode	Manjeri	,,
	66.	Pattisseri (Kolappuram)	Vengara	,,
	67.	Edayoor	Kuttippuram	,,
	68.	Thrikanapuram	Ponnani	,,
	69.	Melattoor	Perinthalmanna	,,
	70.	Vallikkunnu	Thirurangadi	,,
	71.	Anakkayam	Anakkayam	Panchayat
Kozhikode	72.	Manippuram	Koduvally	Block
	73.	Ulliyeri	Balusseri	,,
	74.	Therunelli	S. Battery	,,
	75.	Aroor	Puramery	Panchayat
	76.	Mammiyoor	Mammiyoor	,,
	77.	Omassery	Omassery	,,
	78.	Thiruvampady	Thiruvampady	,,
Cannanore	79.	Kanhirode-Maniyur	Irikkur/Edakkad	Block
	80.	Talapoya	Mananthoddy	,,
	81.	Chempilode Vayal	Chempilode	Panchayat
	82.	Kalpadthilanur Vayal	Chelora	,,

LIBRARY ARCHIVES Kerala Legislative Assembly